## മധുരമായ കുട്ടികളേ – എപ്പോൾ സമയം ലഭിക്കുന്നോ, ഏകാന്തതയിലിരുന്ന് വിചാര സാഗര മഥനം ചെയ്യൂ, കേൾക്കുന്ന പോയന്റുകൾ ആവർത്തിക്കൂ.

**ചോദ്യം:–** നിങ്ങളുടെ ഓർമ്മയുടെ യാത്ര എപ്പോൾ പൂർത്തിയാകും?
**ഉത്തരം:–** എപ്പോൾ നിങ്ങളുടെ ഒരു കർമ്മേന്ദ്രിയവും ചതിവ് നൽകുന്നില്ലയോ, കർമ്മാതീത അവസ്ഥയുണ്ടാകുന്നോ അപ്പോൾ ഓർമ്മയുടെ യാത്ര പൂർത്തിയാകും. ഇപ്പോൾ നിങ്ങൾക്ക് പൂർണ്ണമായ പുരുഷാർത്ഥം ചെയ്യണം, പ്രതീക്ഷയില്ലാത്തവരാകരുത്. സേവനത്തിൽ തത്പരരായിരിക്കണം.

**ഓം ശാന്തി.** മധുര–മധുരമായ കുട്ടികൾ ആത്മ–അഭിമാനി ആയാണോ ഇരിക്കുന്നത്? കുട്ടികൾ മനസ്സിലാക്കുന്നുണ്ട് അരകൽപം നമ്മൾ ദേഹ–അഭിമാനിയായിരുന്നു. ഇപ്പോൾ ദേഹീ–അഭിമാനിയായി കഴിയുന്നതിന് വേണ്ട് പരിശ്രമിക്കേണ്ടി വരുന്നു. ബാബ വന്ന് മനസ്സിലാക്കി തരുന്നു സ്വയത്തെ ആത്മാവെന്ന് മനസ്സിലാക്കി ഇരിക്കൂ അപ്പോൾ ബാബയെ ഓർമ്മ വരും. അല്ല എങ്കിൽ മറന്നു പോകും. ഓർമ്മിക്കുന്നില്ലെങ്കിൽ പിന്നെങ്ങനെ യാത്ര ചെയ്യാൻ സാധിക്കും! പാപം എങ്ങനെ മുറിയും! നഷ്ടം സംഭവിക്കും. ഇത് എപ്പോഴും ഓർമ്മിക്കൂ. ഇതാണ് മുഖ്യ കാര്യം. ബാക്കി ബാബ അനേക പ്രകാരത്തിലുള്ള യുക്തികൾ പറഞ്ഞ് തരുന്നു. തെറ്റെന്താണ് ശരിയെന്താണ്– അതും മനസ്സിലാക്കി തന്നിട്ടുണ്ട്. ബാബ ജ്ഞാനത്തിന്റെ സാഗരനാണ്. ഭക്തിയെയും അറിയാം. കുട്ടികൾക്ക് ഭക്തിയിൽ എന്തെന്തെല്ലാം ചെയ്യേണ്ടി വരുന്നു. മനസ്സിലാക്കി തരുന്നു ഈ യജ്ഞം, തപസ്സ് മുതലായവ ചെയ്യുക ഇതെല്ലാമാണ് ഭക്തി മാർഗ്ഗം. ഇനി ബാബയുടെ മഹിമ ചെയ്യുന്നുണ്ട് എന്നാൽ തലതിരിഞ്ഞതാണ്. വാസ്തവത്തിൽ കൃഷ്ണന്റെ മഹിമയും പൂർണ്ണമായും അറിയുന്നില്ല. ഓരോ കാര്യത്തെയും മനസ്സിലാക്കേണ്ടേ. കൃഷ്ണനെ വൈകുണ്ഠനാഥനെന്ന് പറയാറുണ്ട്. ശരി ബാബ ചോദിക്കുന്നു, കൃഷ്ണനെ ത്രിലോകീനാഥനെന്ന് പറയാൻ സാധിക്കുമോ? പാടാറില്ലേ– ത്രിലോകീനാഥൻ. ഇപ്പോൾ ത്രിലോകത്തിന്റെ നാഥൻ അർത്ഥം മൂന്ന് ലോകം മൂലവതനം, സൂക്ഷ്മവതനം, സ്ഥൂലവതനം. നിങ്ങൾ കുട്ടികൾക്ക് മനസ്സിലാക്കി തരികയാണ് നിങ്ങൾ ബ്രഹ്മാണ്ഡത്തിന്റെയും അധികാരിയാണ്. കൃഷ്ണൻ ഇങ്ങനെ മനസ്സലാക്കിയിട്ടുണ്ടായിരിക്കുമോ അതായത് ഞാൻ ബ്രഹ്മാണ്ഡത്തിന്റെ അധികാരിയാണ് എന്ന്? ഇല്ല. അദ്ദേഹം വൈകുണ്ഠത്തിലായിരുന്നു. വൈകുണ്ഠമെന്ന് പറയുന്നത് പുതിയ ലോകം സ്വർഗ്ഗത്തെയാണ്. അതുകൊണ്ട് വാസ്തവത്തിൽ ത്രിലോകീനാഥനായി ആരും തന്നെയില്ല. ബാബ ശരിയായ കാര്യം മനസ്സിലാക്കി തരികയാണ്. മൂന്ന് ലോകങ്ങൾ ഉണ്ട്. ബ്രഹ്മാണ്ഡത്തിന്റെ അധികാരിയായി ശിവബാബയുമുണ്ട്, നിങ്ങളുമുണ്ട്. സൂക്ഷ്മവതനത്തിന്റെ കാര്യം തന്നെയില്ല. ബാബ സ്ഥൂല വതനത്തിന്റെയോ, സ്വർഗ്ഗത്തിന്റെയോ നരകത്തിന്റെയോ അധികാരിയല്ല. കൃഷ്ണനാണ് സ്വർഗ്ഗത്തിന്റെ അധികാരി. നരകത്തിന്റെ അധികാരി രാവണനാണ്. ഇതിനെ രാവണ രാജ്യം, ആസുരീയ രാജ്യം എന്നാണ് പറയുന്നത്. മനുഷ്യർ പറയാറുണ്ട് എന്നാൽ മനസ്സിലാക്കുന്നില്ല. നിങ്ങൾ കുട്ടികൾക്ക് ബാബയിരുന്ന് മനസ്സിലാക്കി തരുന്നു. രാവണന് 10 തല നൽകാറുണ്ട്. 5 വികാരം സ്ത്രീയുടേതും, 5 വികാരം പുരുഷന്റേതുമാണ്. ഇപ്പോൾ 5 വികാരം എല്ലാവർക്കുമുണ്ട്. എല്ലാവരും തന്നെ രാവണരാജ്യത്തിലാണ്. ഇപ്പോൾ നിങ്ങൾ ശ്രേഷ്ഠാചാരിയായിക്കൊണ്ടിരിക്കുന്നു. ബാബ വന്ന് ശ്രേഷ്ഠാചാരീ ലോകമുണ്ടാക്കുന്നു. ഏകാന്തതയിൽ ഇരിക്കുന്നതിലൂടെ ഇങ്ങനെ–ഇങ്ങനെ വിചാര സാഗര മഥനം നടക്കും. ലൗകീക പഠിത്തത്തിനായും വിദ്യാർത്ഥികൾ പുസ്തകവുമെടുത്ത് ഏകാന്തമായി പോയിരുന്ന് പഠിക്കാറുണ്ട്. നിങ്ങൾക്ക് പുസ്തകം പഠിക്കേണ്ട ആവശ്യമില്ല. ശരിയാണ്, നിങ്ങൾ പോയന്റ്സ് കുറിച്ച് വെയ്ക്കാറുണ്ട്. ഇത് പിന്നീട് റിവൈസ് ചെയ്യണം. ഇത് വളരെ രഹസ്യമായ മനസ്സിലാക്കേണ്ട കാര്യങ്ങളാണ്. ബാബ പറയാറില്ലേ – ഇന്ന് നിങ്ങൾക്ക് അതീവ രഹസ്യമായ പുതിയ–പുതിയ പോയന്റ്സ് മനസ്സിലാക്കി തരികയാണ്. പവിഴപുരിയുടെ അധികാരി ലക്ഷ്മീ–നാരായണൻമാരാണ്. വിഷ്ണുവെന്നും പറയില്ല. വിഷ്ണുവിനെയും മനസ്സിലാക്കുന്നില്ല അതായത് ഇത് തന്നെയാണ് ലക്ഷ്മീ–നാരായണനെന്ന്. ഇപ്പോൾ നിങ്ങൾ ചുരുക്കത്തിൽ ലക്ഷ്യം മനസ്സിലാക്കി കൊടുക്കുന്നു. ബ്രഹ്മാ–സരസ്വതി പരസ്പരം ഭാര്യാ ഭർത്താക്കൻമാരല്ല. ഇത് പ്രജാപിതാ ബ്രഹ്മാവല്ലേ. പ്രജാപിതാ ബ്രഹ്മാവിനെ മുതുമുത്തച്ഛനെന്നും പറയാം, ശിവബാബയെ കേവലം അച്ഛനെന്നേ പറയൂ. ബാക്കി എല്ലാവരും സഹോദരങ്ങളാണ്. ഈ എല്ലാവരും തന്നെ ബ്രഹ്മാവിന്റെ മക്കളാണ്. എല്ലാവർക്കും അറിയാം – നമ്മൾ ഭഗവാന്റെ കുട്ടികൾ സഹോദരങ്ങളാണ്. എന്നാൽ അത് നിരാകാരീ ലോകത്തിലാണ്. ഇപ്പോൾ നിങ്ങൾ ബ്രാഹ്മണനായിരിക്കുന്നു. പുതിയ ലോകം എന്ന് സത്യയുഗത്തെയാണ് പറയുന്നത്. ഇതിന്റെ പേര് പിന്നീട് പുരുഷോത്തമ സംഗമയുഗമെന്ന് വെച്ചിരിക്കുന്നു. സത്യയുഗത്തിൽ ഉള്ളത് പുരുഷോത്തമർ മാത്രമാണ്. ഇത് വളരെ അദ്ഭുതകരമായ കാര്യങ്ങളാണ്. നിങ്ങൾ പുതിയ ലോകത്തിലേക്കായി തയ്യാറെടുത്തുകൊണ്ടിരിക്കുന്നു. ഈ സംഗമയുഗത്തിൽ

തന്നെയാണ് നിങ്ങൾ പുരുഷോത്തമരാകുന്നത്. പറയുന്നുമുണ്ട് ഞങ്ങൾ ലക്ഷ്മീ–നാരായണനാകും. ഇവരാണ് ഏറ്റവും ഉത്തമരായ ആത്മാക്കൾ. അവരെ ദേവതയെന്ന് പറയുന്നു. നമ്പർവൈസ് അതാണല്ലോ. പതുക്കെ–പതുക്കെ കല കുറയുന്നു.

ഇപ്പോൾ നിങ്ങൾ കുട്ടികൾ പുതിയ ലോകത്തിന്റെ മുഹൂർത്തം കുറിക്കുന്നു. ഏതുപോലെയാണോ പുതിയ വീട് തയ്യാറാകുമ്പോൾ കുട്ടികൾ സന്തോഷിക്കുന്നത്. മുഹൂർത്തം കുറിക്കുന്നു. നിങ്ങൾ കുട്ടികളും പുതിയ ലോകത്തെ കണ്ട് സന്തോഷിക്കുന്നു. മുഹൂർത്തം കുറിക്കുന്നു. എഴുതിയിട്ടുമുണ്ട് സ്വർണ്ണ പുഷ്പങ്ങളുടെ മഴയുണ്ടാകും. നിങ്ങൾ കുട്ടികളുടെ സന്തോഷത്തിന്റെ രസം എത്ര ഉയരണം. നിങ്ങൾക്ക് സുഖവും ശാന്തിയും രണ്ടും ലഭിക്കുന്നു. രണ്ടാമതാരും ഇത്രയും സുഖവും ശാന്തിയും ലഭിക്കുന്നവരായി ഉണ്ടായിരിക്കില്ല. മറ്റുള്ള ധർമ്മങ്ങൾ വരുമ്പോൾ ദ്വൈതമാകുന്നു. നിങ്ങൾ കുട്ടികൾക്ക് അപാര സന്തോഷമുണ്ട് – നമ്മൾ പുരുഷാർത്ഥം ചെയ്ത് ഉയർന്ന പദവി നേടും. ഇങ്ങനെയാകരുത് ഭാഗ്യത്തിൽ എന്തുണ്ടോ അത് ലഭിക്കും, പാസ്സാകാനുണ്ടെങ്കിൽ ആകും. അങ്ങനെയല്ല, ഓരോ കാര്യത്തിലും പുരുഷാർത്ഥം തീർച്ചയായും ചെയ്യണം. പുരുഷാർത്ഥം ചെയ്യാൻ കഴിയുന്നില്ലെങ്കിൽ പറയുന്നു ഭാഗ്യത്തിലുള്ളത്. പിന്നീട് പുരുഷാർത്ഥം ചെയ്യുന്നതും നിന്നുപോകുന്നു. ബാബ പറയുന്നു നിങ്ങൾ മാതാക്കളെ എത്ര ഉയർന്നതാക്കുന്നു. സ്ത്രീകൾക്ക് എല്ലായിടത്തും ആദരവുണ്ട്. വിദേശത്തുപോലുമുണ്ട്. ഇവിടെ പെൺകുട്ടി ജനിക്കുകയാണെങ്കിൽ തൊട്ടിൽ മടക്കിയിടുന്നു. ലോകം തീർത്തും തമോപ്രധാനമാണ്. ഈ സമയം കുട്ടികൾക്കറിയാം ഭാരതം എന്തായിരുന്നു, ഇപ്പോൾ എന്താണ്. മനുഷ്യർ മറന്നിരിക്കുന്നു വെറുതെ ശാന്തി–ശാന്തി എന്നു യാചിച്ചുകൊണ്ടിരിക്കുന്നു. വിശ്വത്തിൽ ശാന്തി ആഗ്രഹിക്കുന്നുണ്ട്. നിങ്ങൾ ഈ ലക്ഷ്മീ–നാരായണന്റെ ചിത്രം കാണിച്ച് കൊടുക്കൂ. ഇവരുടെ രാജ്യമായിരുന്നപ്പോൾ പവിത്രതയും–സുഖവും–ശാന്തിയും ഉണ്ടായിരുന്നു. നിങ്ങൾക്ക് ഇങ്ങനെയുള്ള രാജ്യമല്ലേ വേണ്ടത്. മൂലവതനത്തിൽ വിശ്വത്തിന്റെ ശാന്തിയെന്ന് പറയില്ല. വിശ്വത്തിൽ ശാന്തി ഇവിടെയല്ലേ സംഭവിക്കുക. മുഴുവൻ വിശ്വത്തിലും ദേവതകളുടെ രാജ്യമായിരുന്നു. മൂലവതനം ആത്മാക്കളുടെ ലോകമാണ്. ആത്മാവിന് ലോകമുണ്ടോ എന്ന് പോലും മനുഷ്യർക്കറിയില്ല. ബാബ പറയുന്നു ഞാൻ നിങ്ങളെ എത്ര ഉയർന്ന പുരുഷോത്തമനാക്കുന്നു. ഇത് മനസ്സിലാക്കേണ്ട കാര്യമാണ്. അതായത് ഭഗവാൻ വന്നിരിക്കുകയാണെന്ന് പറഞ്ഞ് മുറവിളി കൂട്ടണം ഇങ്ങനെയല്ല, എങ്കിൽ ആരും അംഗീകരിക്കില്ല. കൂടുതൽ ഗ്ലാനി അനുഭവിക്കേണ്ടിവരും. പറയും ബി.കെ അവരുടെ ബാബയെ ഭഗവാനെന്നു പറയുന്നു. ഇതിലൂടെ സേവനമുണ്ടാകില്ല. ബാബ യുക്തി പറഞ്ഞ് തരികയാണ്. മുറിയിൽ 8–10 ചിത്രം ചുമരിൽ നല്ലരീതിയിൽ തൂക്കിയിടൂ എന്നിട്ട് പുറത്ത് എഴുതി വയ്ക്കൂ – പരിധിയില്ലാത്ത പിതാവിൽ നിന്ന് പരിധിയില്ലാത്ത സുഖത്തിന്റെ സമ്പത്ത് നേടണമെങ്കിൽ അഥവാ മനുഷ്യനിൽ നിന്ന് ദേവതയാകണമെങ്കിൽ വരൂ ഞങ്ങൾ താങ്കൾക്ക് മനസ്സിലാക്കി തരാം. ഇങ്ങനെയെങ്കിൽ വളരെ പേർ വരാൻ തുടങ്ങും. സ്വയം തന്നെ വന്നുകൊണ്ടിരിക്കും. വിശ്വത്തിൽ ശാന്തി ഉണ്ടായിരുന്നില്ലേ. ഇപ്പോൾ ഇത്രയും അധികം ധർമ്മങ്ങളുണ്ട്. തമോപ്രധാന ലോകത്തിൽ എങ്ങനെ ശാന്തി ഉണ്ടാകും. വിശ്വത്തിൽ ശാന്തി അത് ഭഗവാന് മാത്രമാണ് ചെയ്യാൻ സാധിക്കുന്നത്. ശിവബാബ വരുമ്പോൾ തീർച്ചയായും എന്തെങ്കിലും സമ്മാനം കൊണ്ടുവരും. ഒരേ ഒരുശിവബാബ മാത്രമാണ് ഇത്രയും ദൂരെ നിന്ന് വരുന്നത് ബാബ ഒരു പ്രാവശ്യം മാത്രവുമാണ് വരുന്നത്. ഇത്രയും വലിയ അച്ഛൻ അയ്യായിരം വർഷങ്ങൾക്കക് ശേഷമാണ് വരുന്നത്. യാത്ര കഴിഞ്ഞ് വരുമ്പോൾ കുട്ടികൾക്ക് സമ്മാനം കൊണ്ടുവരാറില്ലേ. സ്ത്രീയുടെ പതിയും, കുട്ടികളുടെ അച്ഛനുമായല്ലേ മാറുന്നത്. പിന്നീട് മുത്തച്ഛനായും മുതുമുത്തച്ഛനായും മാറും. ഇദ്ദേഹത്തെ നിങ്ങൾ അച്ഛനെന്നാണ് വിളിക്കുന്നത് അപ്പോൾ പിന്നീട് മുത്തച്ഛനുമാകും. മുതുമുത്തച്ഛനുമാകും. തലമുറകളില്ലേ. ആദം, ആദിദേവനെന്ന പേരുണ്ട് എന്നാൽ മനുഷ്യർ മനസ്സിലാക്കുന്നില്ല. നിങ്ങൾ കുട്ടികൾക്ക് ബാബയിരുന്ന് മനസ്സലാക്കി തരുന്നു. ബാബയിലൂടെ സൃഷ്ടി ചക്രത്തിന്റെ ചരിത്രവും, ഭൂമിശാസ്തരവും അറിഞ്ഞ് നിങ്ങൾ ചക്രവർത്തീ രാജാവാകുന്നു. ബാബ എത്ര സ്നേഹത്തോടെയും താത്പര്യത്തോടെയുമാണ് പഠിപ്പിക്കുന്നത് അപ്പോൾ അത്രയും പഠിക്കേണ്ടേ. രാവിലത്തെ സമയം എല്ലാവരും ഫ്രീ ആയിരിക്കും. രാവിലെ മുക്കാൽ മണിക്കൂർ ക്ലാസ്സുണ്ടായിരിക്കും, മുരളികേട്ടിട്ട് പോകൂ. ഓർമ്മിക്കാൻ എവിടെയിരുന്നും സാധിക്കും. ഞായറാഴ്ച ദിവസം അവധിയാണ്. അതിരാവിലെ 2–3 മണിക്കൂർ ഇരിക്കൂ. പകലിലെ സമ്പാദ്യത്തെ മേക്കപ്പ് ചെയ്യൂ. സഞ്ചി പൂർണ്ണമായും നിറക്കൂ. സമയം ലഭിക്കുന്നില്ലേ. മായയുടെ കൊടുങ്കാറ്റ് വരുന്നതിലൂടെ ഓർമ്മിക്കാൻ സാധിക്കില്ല. ബാബ തീർത്തും സഹജമായി മനസ്സിലാക്കി തരികയാണ്. ഭക്തി മാർഗ്ഗത്തിൽ എത്ര സത്സംഗങ്ങളിലാണ് പോകുന്നത്. കൃഷ്ണന്റെ ക്ഷേത്രത്തിൽ, ശ്രീനാഥന്റെ ക്ഷേത്രത്തിൽ, അങ്ങനെ ഏതെല്ലാം ക്ഷേത്രത്തിൽ പോകും. യാത്രയിൽ പോലും എത്ര പേരാണ് വ്യഭിചാരിയാകുന്നത്. ഇത്രയും ബുദ്ധിമുട്ടിയിട്ടും യാതൊരു ലാഭവുമില്ല. ഡ്രാമയിൽ ഇതും അടങ്ങിയിട്ടുണ്ട് വീണ്ടും ഉണ്ടാകും. നിങ്ങളുടെ ആത്മാവിൽ പാർട്ട് നിറഞ്ഞിട്ടുണ്ട്. സത്യ–ത്രേതായുഗത്തിൽ എന്ത് പാർട്ട് കൽപം മുൻപ് ചെയ്തോ അത് തന്നെ വീണ്ടും കളിക്കും. സ്ഥൂലബുദ്ധിയുള്ളവർ ഇതും മനസ്സിലാക്കില്ല. ആർക്കാണോ

സൂക്ഷ്മ ബുദ്ധിയുള്ളത് അവർക്ക് നല്ല രീതിയിൽ മനസ്സിലാക്കി, മനസ്സിലാക്കി കൊടുക്കാൻ സാധിക്കും. അവർക്ക് ഉള്ളിൽ അനുഭവം ഉണ്ടാകും ഈ അനാദി നാടകം ഉണ്ടാക്കിയിട്ടുള്ളതാണ്. ഇത് പരിധിയില്ലാത്ത നാടകമാണെന്ന് ലോകത്തിൽ ആരും മനസ്സിലാക്കുന്നില്ല. ഇതിനെ മനസ്സിലാക്കുന്നതിലും സമയമെടുക്കുന്നു. ഓരോകാര്യവും വിസ്താരത്തിൽ മനസ്സിലാക്കി തന്ന ശേഷം പറയുന്നു – മുഖ്യമായുള്ളത് ഓർമ്മയുടെ യാത്രയാണ്. സെക്കന്റിൽ ജീവൻമുക്തിയെന്നും പറഞ്ഞിട്ടുണ്ട്. ഒപ്പം ഈ മഹിമയുമുണ്ട് ജ്ഞാനത്തിന്റെ സാഗരമാണ്. മുഴുവൻ സാഗരത്തെ മഷിയാക്കിയാലും, മരങ്ങളെ പേനയാക്കിയാലും, ഭൂമിയെ കടലാസാക്കിയാലും... അവസാനം കണ്ടെത്താൻ സാധിക്കില്ല. തുടക്കം മുതലേ നിങ്ങൾ എത്രയാണ് എഴുതുന്നത്. ധാരാളം പേപ്പർ ഉപയോഗിച്ചിരിക്കും. നിങ്ങൾക്ക് ക്ഷീണിക്കേണ്ട ആവശ്യമില്ല. മുഖ്യമായുള്ളത് അള്ളാഹുവാണ്. ബാബയെ ഓർമ്മിക്കുക. ഇവിടെയും നിങ്ങൾ വരുന്നത് ശിവബാബയുടെ അടുത്താണ്. ശിവബാബ ഇതിൽ പ്രവേശിച്ച് എത്ര സ്നേഹത്തോടെയാണ് നിങ്ങളെ പഠിപ്പിക്കുന്നത്. ഒരു പൊങ്ങച്ചവുമില്ല. ബാബ പറയുന്നു ഞാൻ വരുന്നതേ പഴയ ശരീരത്തിലാണ്. എത്ര സാധാരണമായാണ് ശിവബാബ വന്ന് പഠിപ്പിക്കുന്നത്. ഒരു അഹങ്കാരവുമില്ല. ബാബ പറയുന്നു നിങ്ങൾ എന്നോട് പറഞ്ഞത് തന്നെ പഴയ ലോകത്തിൽ പഴയ ശരീരത്തിലേക്ക് വരാനാണ്, വന്ന് ഞങ്ങൾക്ക് പഠിപ്പ് നൽകൂ. സത്യയുഗത്തിൽ വിളിക്കുന്നില്ല അതായത് വന്ന് വജ്ര-രത്നങ്ങളുടെ കൊട്ടാരത്തിലിരിക്കൂ, ഭക്ഷണം മുതലായവ സ്വീകരിക്കൂ... ശിവബാബ ഭക്ഷണം സ്വീകരിക്കാറേയില്ല. മുൻപ് വിളിച്ചിരുന്നു അതായത് വന്ന് ഭോജനം കഴിക്കൂ. 36 പ്രകാരത്തിലുള്ള ഭക്ഷണം കഴിപ്പിച്ചിരുന്നു, ഇത് വീണ്ടും ഉണ്ടാകും. ഇതും ചരിത്രമെന്ന് പറയും. കൃഷ്ണന്റെ ചരിത്രമാണോ? കൃഷ്ണൻ സത്യയുഗത്തിലെ രാജകുമാരനാണ്. കൃഷ്ണനെ പതിത-പാവനനെന്ന് പറയില്ല. സത്യയുഗത്തിൽ ഇവർ വിശ്വത്തിന്റെ അധികാരിയായത് എങ്ങനെയാണ് അതും നിങ്ങൾക്കറിയാം. മനുഷ്യർ ഘോരമായ അന്ധകാരത്തിലാണ്. ഇപ്പോൾ നിങ്ങൾ അതിപ്രകാശത്തിലാണ്. ബാബ വന്ന് രാത്രിയെ പകലാക്കുന്നു. അര കൽപം നിങ്ങളാണ് രാജ്യം ഭരിക്കുന്നത് എത്ര സന്തോഷമുണ്ടായിരിക്കണം.

എപ്പോൾ ഒരു കർമ്മേന്ദ്രിയവും ചതിക്കുന്നില്ലയോ അപ്പോൾ നിങ്ങളുടെ ഓർമ്മയുടെ യാത്ര പൂർത്തിയാകും. കർമ്മാതീത അവസ്ഥയാകുമ്പോൾ ഓർമ്മയുടെ യാത്ര പൂർത്തിയാകും. ഇപ്പോൾ പൂർത്തിയായിട്ടില്ല. ഇപ്പോൾ നിങ്ങൾക്ക് പുരുഷാർത്ഥം ചെയ്യണം. പ്രതീക്ഷയറ്റവരാകരുത്. സേവനം തന്നെ സേവനമായിരിക്കണം. ബാബയും വൃദ്ധ ശരീരത്തിൽ വന്ന് സേവനം ചെയ്തുകൊണ്ടിരിക്കുകയല്ലേ. ബാബ ചെയ്യുന്നവനും ചെയ്യിപ്പിക്കുന്നവനുമാണ്. കുട്ടികളെ പ്രതി എത്ര ചിന്തയാണുള്ളത് – ഇതുണ്ടാക്കണം, വീട് കെട്ടണം. ഏതുപോലെയാണോ ലൗകീക അച്ഛന് പരിധിയുള്ള ചിന്ത ഉണ്ടായിരിക്കുന്നത്, അതുപോലെ പാരലൗകീക അച്ഛന് പരിധിയില്ലാത്ത ചിന്തയുണ്ട്. നിങ്ങൾ കുട്ടികളുടെ സേവനം ചെയ്യണം. ദിനം-പ്രതിദിനം കൂടുതൽ എളുപ്പമാകും. എത്രത്തോളം വിനാശത്തിന് സമീപത്തേക്ക് വന്നുകൊണ്ടിരിക്കുന്നോ അത്രയും ശക്തി വന്നുകൊണ്ടിരിക്കും. പാടിയിട്ടുണ്ട് ഭീഷ്മപിതാമഹൻ തുടങ്ങിയവർക്കും അവസാനം അമ്പേൽക്കും. ഇപ്പോൾ അമ്പേൽക്കുകയാണെങ്കിൽ വളരെ ബഹളമാകും. അത്രയും തിരക്ക് വരും കാര്യമേ പറയേണ്ട. പറയാറില്ലേ – തല ചൊറിയാൻ പോലുമുള്ള സമയമില്ല. അങ്ങനെ ആരും ഉണ്ടായിരിക്കില്ല. എന്നാൽ തിരക്ക് വരുമ്പോൾ പിന്നീട് ഇങ്ങനെ പറയാറുണ്ട്. എപ്പോൾ ഇവർക്ക് അമ്പേൽക്കുമോ അപ്പോൾ നിങ്ങളുടെ പ്രഭാവം പുറത്ത് വരും. എല്ലാ കുട്ടികൾക്കും ബാബയുടെ പരിചയം ലഭിക്കണമല്ലോ.

നിങ്ങൾക്ക് 3 അടി മണ്ണിൽ പോലും ഈ അവിനാശീ ഹോസ്പിറ്റലും ഗോഡ്ലി യൂണിവേഴ്സിറ്റിയും തുറക്കാൻ സാധിക്കും. പണമില്ലെങ്കിലും കുഴപ്പമില്ല. ചിത്രങ്ങൾ നിങ്ങൾക്ക് ലഭിക്കും. സേവനത്തിൽ മാനം-അപമാനം, ദുഃഖം-സുഖം, ചൂട്-തണുപ്പ്, എല്ലാം സഹിക്കണം. ആരെയെങ്കിലും വജ്ര സമാനമാക്കുന്നത് എന്താ ചെറിയ കാര്യമാണോ! എന്താ ബാബ എപ്പോഴെങ്കിലും ക്ഷീണിക്കാറുണ്ടോ? പിന്നെ നിങ്ങളെന്തുകൊണ്ടാണ് ക്ഷീണിക്കുന്നത്. ശരി.

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

**ധാരണയ്ക്കുള്ള മുഖ്യ സാരം:-**

1) രാവിലത്തെ സമയം മുക്കാൽ മണിക്കൂർ വളരെ സ്നേഹത്തോടെയും താത്പര്യത്തോടെയും പഠിത്തം പഠിക്കണം. ബാബയുടെ ഓർമ്മയിൽ ഇരിക്കണം. ഓർമ്മയുടെ ഇങ്ങനെയുള്ള പുരുഷാർത്ഥമായിരിക്കണം അതിലൂടെ എല്ലാ കർമ്മേന്ദ്രിയങ്ങളും വശത്താകണം.

2) സേവനത്തിൽ ദുഃഖം-സുഖം, മാനം-അപമാനം, ചൂട്-തണുപ്പ് എല്ലാം സഹിക്കണം. ഒരിക്കലും സേവനത്തിൽ ക്ഷീണിക്കരുത്. 3 അടിമണ്ണിൽ ഹോസ്പിറ്റൽ കം യൂണിവേഴ്സിറ്റി തുറന്ന് വജ്ര സമാനമാക്കുന്നതിന്റെ സേവനം ചെയ്യണം.

## വരദാനം:- സത്യമായ ആത്മീയ സ്നേഹത്തിന്റെ അനുഭൂതി ചെയ്യിപ്പിക്കുന്ന മാസ്റ്റർ സ്നേഹ സാഗരനായി ഭവിക്കട്ടെ.

സാഗരത്തിന്റെ തീരത്ത് പോകുമ്പോൾ ശീതളതയുടെ അനുഭവം ഉണ്ടാകുന്നു, അതേപോലെ നിങ്ങൾ കുട്ടികൾ മാസ്റ്റർ സ്നേഹസാഗരനാകൂ, എങ്കിൽ ഏത് ആത്മാവ് താങ്കളുടെ സമീപത്ത് വന്നാലും അവർ അനുഭവം ചെയ്യണം, അതായത് മാസ്റ്റർ സ്നേഹ സാഗരത്തിന്റെ അലകൾ സ്നേഹത്തിന്റെ അനുഭൂതി ചെയ്യിപ്പിച്ചുകൊണ്ടിരിക്കുകയാണ് എന്തുകൊണ്ടെന്നാൽ ഇന്നത്തെ ലോകം സത്യമായ ആത്മീയ സ്നേഹത്തിന് വേണ്ടി ദാഹാർത്തരാണ്. സ്വാർത്ഥ സ്നേഹം കണ്ട്-കണ്ട് ആ സ്നേഹത്തിൽ നിന്ന് മനസ്സ് ഉപരാമമായിരിക്കുന്നു. അതുകൊണ്ട് ആത്മീയ സ്നേഹത്തിന്റെ ഒരല്പനേരത്തെ അനുഭൂതിയെപ്പോലും ജീവിതത്തിന്റെ അഭയസ്ഥാനമെന്ന് മനസ്സിലാക്കും.

## സ്ലോഗൻ:- ജ്ഞാനധനത്താൽ നിറഞ്ഞിരിക്കൂ എങ്കിൽ സ്ഥൂലധനത്തിന്റെ പ്രാപ്തി സ്വതവേ ഉണ്ടായിക്കൊണ്ടിരിക്കും.

**അവ്യക്ത സൂചനകൾ- സങ്കൽപ്പ ശക്തി സംഭരിച്ച് ശ്രേഷ്ഠ സേവനത്തിന് നിമിത്തമാകൂ.**
സത്യയുഗീ സൃഷ്ടിയെക്കുറിച്ച് പറയാറുണ്ട്- ഒരു രാജ്യം, ഒരു ധർമ്മമെന്ന്, അതേപോലെത്തന്നെ ഇപ്പോൾ സ്വരാജ്യത്തിലും ഒരു രാജ്യം അതായത് സ്വയത്തിന്റെ സൂചനയനുസരിച്ച് എല്ലാവരും നടക്കുന്നവരാകണം. മനസ്സ് തന്റെ തന്നിഷ്ടം നടത്തരുത്, ബുദ്ധി അതിന്റെ നിർണ്ണയ ശക്തിയുടെ ചഞ്ചലതയിൽ വരരുത്. സംസ്കാരം ആത്മാവിനെ നട്ടം തിരിപ്പിക്കുന്നതാകരുത്, അപ്പോൾ പറയാം ഒരു ധർമ്മം ഒരു രാജ്യം. അതിനാൽ അങ്ങനെയുള്ള നിയന്ത്രണശക്തി ധാരണ ചെയ്യൂ, ഇത് തന്നെയാണ് പരിധിയില്ലാത്ത സേവനത്തിനുള്ള മാർഗ്ഗം.